നം. എ2/1418/2016/ടി.ബി.ഒ

പാഠപുസ്തക ഓഫീസറുടെ കാര്യാലയം,
പത്മവിലാസം റോഡ്, ഫോർട്ട്,
തിരുവനന്തപുരം-23, തീയതി : 14/12/2016.
ഫോൺ നം. 0471 2450027
textbookofficer@gmail.com

പാഠപുസ്തക ഓഫീസർ

മാനേജിംഗ് ഡയറക്ടർ,
കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി,
എറണാകുളം.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - പാഠപുസ്തക വിതരണം 2016-17
1 മുതൽ 4 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പഠനത്തിനായി ഏർപ്പെടുത്തിയ 'കളിപ്പെട്ടി' എന്ന പാഠപുസ്തകത്തിന്റെ വിതരണം സംബന്ധിച്ച്.

സൂചന:- 1. ഈ ഓഫീസിൽ നിന്നും നൽകിയ പ്രിന്റ് ഓർഡർ നം. എ2/2432/2016/ടി.ബി.ഒ. തീയതി: 13.10.2016.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 8.12.2016 തീയതിയിലെ ഉത്തരവ്.

2016-17 അദ്ധ്യയന വർഷത്തേക്കുള്ള 1-ാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് കമ്പ്യൂട്ടർ പഠനത്തിനായി ഏർപ്പെടുത്തിയ 'കളിപ്പെട്ടി' എന്ന ഐ.സി.ടി. പാഠപുസ്തകം സർവ്വശിക്ഷാ അഭിയാന്റെ ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ (ബി.ആർ.സി.) വഴി വിതരണം ചെയ്യുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിനാൽ കേരളത്തിലെ 14 ജില്ലകളിലേയും ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ 7 ദിവസത്തിനകം മുഴുവൻ കളിപ്പെട്ടി പാഠപുസ്തകങ്ങളും എത്തിച്ചു നൽകണമെന്ന് താൽപര്യപ്പെടുന്നു. ബ്ലോക്ക് റിസോഴ്സ് സെന്ററുകളുടെ ജില്ല തിരിച്ചുള്ള മേൽവിലാസവും ഓരോ ബി.ആർ.സി.ക്കും വിതരണം ചെയ്യേണ്ട പാഠപുസ്തകങ്ങളുടെ എണ്ണം അടങ്ങിയ സ്റ്റേറ്റ്മെന്റും ഇതോടൊപ്പം നൽകുന്നു. ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ വിതരണം ചെയ്ത 'കളിപ്പെട്ടി' പാഠപുസ്തകത്തിന്റേ കൃത്യമായ എണ്ണം (ക്ലാസ് തിരിച്ചുള്ള എണ്ണം) ഐടി@സ്കൂൾ ഡയറക്ടർക്കും ഈ ഓഫീസിലും ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**പാഠപുസ്തക ആഫീസർക്കു വേണ്ടി**

പകർപ്പ് : 1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ, തിരുവനന്തപുരം.
2. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ്വശിക്ഷാ അഭിയാൻ, തിരുവനന്തപുരം.